ഉത്തരം

(എ) ഉണ്ട്.

(ബി) ഗവൺമെൻറ് ഹൈസ്കൂൾ ചിറക്കര, തലശ്ശേരി.

ഇരിങ്ങാലക്കുട ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾക്ക് സ്വന്തം കെട്ടിടങ്ങൾ

476 [517] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇരിങ്ങാലക്കുട ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ വർഷം നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യമാവുകയില്ല.

ഹൈസ്കൂൾ അസിസ്റ്റൻറുമാരുടെ സ്ഥലം മാറ്റം

477 [518] ശ്രീ. പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും അഞ്ചു വർഷത്തിലധികം സർവ്വീസുള്ളവരും ദമ്പതികളും ഹൈസ്കൂൾ അസിസ്റ്റൻറുമാരുമായ എത്ര പേരെ ഈ കഴിഞ്ഞ അദ്ധ്യയനവർഷം കാസർകോഡു ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറി നിയമിച്ചിട്ടുണ്ട്;

(ബി) വിഷയം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അവരിൽ എത്ര ഹിന്ദി അദ്ധ്യാപകരുണ്ടായിരുന്നു;

(ഡി) സ്ഥലംമാറ്റം ലഭ്യമായവർക്ക് പ്രസ്തുത ജില്ലയിൽ എത്ര വർഷം വീതം സർവ്വീസുണ്ടായിരുന്നു;

(ഇ) പട്ടികജാതി–പട്ടിക വർഗ്ഗക്കാരായ സർക്കാർ സർവ്വീസിലുള്ള ദമ്പതികൾക്ക് ഒരേ സ്ഥലത്തേക്ക് സ്ഥലംമാറ്റം നൽകുന്നതിന് മുൻഗണന നൽകുന്ന ഗവൺമെൻറുത്തരവ് കർശനമായി പാലിച്ച് അഞ്ചിലധികം വർഷം മലബാർ സർവ്വീസ്സുള്ള ഹൈസ്കൂൾ അസിസ്റ്റൻറുമാർക്ക് ആവശ്യപ്പെടുന്ന സ്ഥലത്തേക്ക് സ്ഥലം മാറ്റം കൊടുക്കുന്നതിനും അത് ഉറപ്പുവരുത്തുന്നതിനും ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗത്തിൽപ്പെട്ട ആരും തന്നെ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ല.

(ബി, സി, ഡി) മുൻ ചോദ്യത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരം ഉദിക്കുന്നില്ല.

(ഇ) സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് മേഖലാനന്തര സ്ഥലം മാറ്റത്തിൽ പാലിക്കേണ്ട നിബന്ധനകൾക്ക് വിധേയമായി സ്ഥലം മാറ്റം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly